നമ്പർ. 6067/D/2021/KSHO

തീയതി: 01.09.2021

**<u>സർക്കുലർ</u>**

വിഷയം:- കുടുംബശ്രീ - നോർക്ക റൂട്ട്സുമായി സംയോജിച്ച് പ്രവാസി ഭദ്രതാ പദ്ധതി (PEARL) നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സർക്കാർ ഉത്തരം ന. 421/2021പ്രവാസി കേരളീയകാര്യ വകുപ്പ്,തിയതി 25/08/2021
2) 26 ആഗസ്റ്റ്2021 ന നോർക്ക റൂട്ട്സും കുടുംബശ്രീയും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം

കോവിഡ് 19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി സമൂഹത്തിൻറെ എല്ലാ തലത്തിലും എല്ലാ വിഭാഗങ്ങളേയും സാരമായി ബാധിച്ചിട്ടുണ്ട്. ഏകദേശം 14 ലക്ഷം പ്രവാസി മലയാളികൾക്കെങ്കിലും തൊഴിൽ നഷ്ടപ്പെടുകയോ തിരികെ പോകാൻ സൗകര്യം ഇല്ലാതിരുന്നതുമൂലം വിസയുടെ കാലാവധി തീർന്ന് നാട്ടിൽ കുടുങ്ങിപ്പോവുകയോ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പ്രവാസി മലയാളി സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ചെറിയൊരു പരിഹാരം എന്ന നിലയിലാണ് സർക്കാർ പ്രവാസി ഭദ്രതാ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. നോർക്ക റൂട്ട്സുമായി സംയോജിച്ച് കുടുംബശ്രീ മുഖേനയാണ് പ്രവാസി ഭദ്രതാ "PEARL"(Pravasi Entrepreneurship Augmentation and Reformation of Livelihoods ) പദ്ധതി ജില്ലകളിൽ നടപ്പാക്കുന്നത്.

പ്രവാസി ഭദ്രതാ (PEARL) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 26/08/2021-ന് മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. സൂചന പ്രകാരം 30 കോടി രൂപ പ്രവാസി ഭദ്രതാ (PEARL) പദ്ധതി നടപ്പിലാക്കുന്നതിനായി നോർക്ക റൂട്ട്സ് കുടുംബശ്രീക്ക് നൽകാൻ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്ന പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പലിശരഹിത വായ്പയും മറ്റ് പിന്തുണാ സഹായങ്ങളും കുടുംബശ്രീ മുഖേന നൽകുന്നതാണ്.

**<u>ഗുണഭോക്താക്കൾ</u>**

- കോവിഡ് 19-ൻറെ പശ്ചാത്തലത്തിൽ ജോലി നഷ്ടപ്പെട്ട പ്രവാസികളായിരിക്കണം ടി വ്യക്തികൾ. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ കുടുംബാംഗങ്ങളായിരിക്കണം.

- കുറഞ്ഞത് 6 മാസമെങ്കിലും അയൽക്കൂട്ടാംഗത്വം നേടിയ കുടുംബശ്രീ അംഗത്തിൻറെ കുടുംബാംഗങ്ങളോ, കുടുംബശ്രീ രൂപീകരിക്കുന്ന യുവതികളുടെ ഗ്രൂപ്പിലെ അംഗങ്ങളോ, ആണെങ്കിൽ മാത്രമേ ടി പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ ആകുവാൻ അർഹതയുള്ളു.

- കുറഞ്ഞത് 2 വർഷമെങ്കിലും പ്രവാസ ജീവിതം നയിച്ച വ്യക്തിയായിരിക്കണം. സ്ത്രീ-പുരുഷ ഭേദമന്യേ ടി പദ്ധതി ഗുണഭോക്താക്കളാകാം.

- കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ കുടുംബാംഗങ്ങൾക്കും ടി പദ്ധതിയുടെ

ഗുണഭോക്താവാകാം.

- തൊഴിൽരഹിതരായ പ്രവാസി രോഗിയെങ്കിൽ കുടുംബാംഗങ്ങൾക്കും ടി പദ്ധതി ഗുണഭോക്താവാകുവാൻ സാധിക്കും.
- കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് പ്രവാസം അവസാനിപ്പിച്ച് മടങ്ങിയെത്തി, നിലവിൽ സംരംഭം ആരംഭിച്ചിട്ടുള്ളവർക്ക് അവരുടെ സംരംഭം വിപുലീകരിക്കാൻ ടി പദ്ധതി പ്രകാരം സാധിക്കുന്നതാണ്.

**പദ്ധതി പ്രവർത്തനങ്ങൾ**

കുടുംബശ്രീയുടെ വാർഷിക കർമ്മപദ്ധതി പ്രകാരം നടപ്പിലാക്കുന്ന അതിജീവന ക്യാമ്പയിനിൽ തൊഴിൽരഹിതരായ പ്രവാസികളെ കണ്ടെത്തുക എന്നത് ഒരു പ്രത്യേക വിഭാഗമായി കണക്കാക്കി സംരംഭകത്വത്തിന് താത്പര്യമുള്ളവരെ സംരംഭകത്വത്തിലേക്ക് നയിക്കുകയാണ് ആദ്യഘട്ടം. ഇതിനായി പൊതു അവബോധ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, വൈദഗ്ധ്യ പരിശീലനം എന്നിവ നൽകി സംരംഭകത്വത്തിന് സജ്ജമാക്കുക എന്നതാണ് പദ്ധതിയുടെ രണ്ടാമത്തെ ഘട്ടം. വൈദഗ്ധ്യ പരിശീലനം ആവശ്യമില്ലാത്ത/ ജോലി പരിചയമുള്ള പ്രവാസികൾക്ക് നേരിട്ട് സംരംഭം സി.ഡി.എസുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇവർക്ക് സംരംഭകത്വത്തെ കുറിച്ച് ബന്ധപ്പെട്ട എം.ഇ.സി വിശദമാക്കി കൊടുക്കേണ്ടതാണ്. മൂന്നാമതായി സംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായവും പിന്തുണാ സഹായവും നൽകി സംരംഭം ആരംഭിക്കുന്നതിനും അവയുടെ സുസ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

**സാമ്പത്തിക സഹായം**

തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഒരാൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയോ സംരംഭത്തിൻറെ ആകെ പദ്ധതി തുകയുടെ 75% ഏതാണോ കുറവ് ആയത് ധനസഹായമായി നൽകുന്നതാണ്. ടി തുക പലിശരഹിത വായ്പയായിട്ടാണ് നൽകുന്നത്. ഇപ്രകാരം നൽകുന്ന പലിശരഹിത വായ്പ ആദ്യ ഗഡു ലഭിച്ച് മൂന്ന് മാസത്തെ മൊറട്ടോറിയം കാലാവധിക്ക് ശേഷം തുല്യ ഗഡുക്കളായി രണ്ട് വർഷത്തിനുള്ളിൽ (21 മാസം) ഗുണഭോക്താക്കൾ തിരിച്ചടയ്ക്കേണ്ടതാണ്. പലിശരഹിത വായ്പ കൈപ്പറ്റിയതിനു ശേഷം സംരംഭം ആരംഭിക്കാതിരിക്കുകയോ തിരിച്ചടവ് കാലാവധിക്കുള്ളിൽ സംരംഭം പ്രവർത്തനരഹിതമാകുകയോ ചെയ്താൽ ടി തുക ആറ് മാസത്തിനകം തിരിച്ചടയ്ക്കേണ്ടതാണ്. 25% തുക ഗുണഭോക്താവ് വഹിക്കേണ്ടതാണ് .

ആദ്യ ഘട്ടത്തിൽ വായ്പ തുകയുടെ 50 % തുക ഗുണഭോക്താവിന് നൽകുകയും പിന്നീട് സംരംഭം ആരംഭിച്ചതിനു ശേഷം ബാക്കി 50% തുക നൽകേണ്ടതുമാണ്. സംരംഭം ആരംഭിച്ചു എന്നത് ബന്ധപ്പെട്ട എം ഇ സി, ബ്ലോക്ക് കോ ഓർഡിനേറ്റർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സംസ്ഥാന മിഷൻ ജില്ലാമിഷനുകൾക്ക് അനുവദിച്ച് നൽകുന്ന തുക ജില്ലാമിഷനുകൾ സി.ഡി.എസുകൾ മുഖേനയാണ് സംരംഭകർക്ക് നൽകുന്നത്. വായ്പ തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ടെന്ന് ജില്ലാ മിഷൻ ഉറപ്പ് വരുത്തേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1. സംരംഭം ആരംഭിക്കുന്നതിന് താത്പര്യമുള്ളവർ ഉള്ളടക്കം (1) ൽ ചേർത്തിരിക്കുന്ന പ്രകാരം അപേക്ഷ ബന്ധപ്പെട്ട സി.ഡി.എസുകൾക്ക് നൽകുക.ആയതിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള രേഖകൾ അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.അപേക്ഷകൻ 2 വർഷം പ്രവാസിയായിരുന്നു എന്നും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്നതാണെന്നും

തെളിയിക്കുന്ന രേഖ നോർക്കയുടെ ജില്ലാ ഓഫീസുകളിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2 . അപേക്ഷ ഫോറം കുടുംബശ്രീ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ എല്ലാ സി.ഡി.എസുകളിലും അപേക്ഷ ഫോറം ലഭ്യമാക്കേണ്ടതാണ്.

3.കൂടാതെ സംരംഭം ആരംഭിക്കുന്നതിനായി പൊതു അവബോധ പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ ആവശ്യമുള്ളർ കുടുംബശ്രീയുടെ ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.ശേഷം അപേക്ഷകർക്ക് സി.ഡി.എസ്/ബ്ലോക്ക്/ജില്ലാതലത്തിൽ പൊതു അവബോധ പരിശീലനം, സംരംഭകത്വ വികസന പരിപാടി/വൈദഗ്ധ്യ പരിശീലനം എന്നിവ നൽകുക.

4. സി.ഡി.എസുകളിൽ ലഭ്യമായ അപേക്ഷകൾ സി.ഡി.എസിൻറെ ശുപാർശയോടു കൂടി ജില്ലാമിഷനിൽ സമർപ്പിക്കുക. ലഭ്യമായ അപേക്ഷകൾ സി ഡി എസ്സുകൾ പരിശോധിച്ച് പ്രോജക്ടിന്റെ വിജയ സാധ്യത, പ്രോജെക്ട് നടത്തി കൊണ്ട് പോകുന്നതിനുള്ള അപേക്ഷകന്റെ കഴിവ് , അപേക്ഷകന്റെ വായ്പ തിരിച്ചടവ് ശേഷി,വിശ്വാസ്യത എന്നിവ വിലയിരുത്തേണ്ടതാണ്.

5.ജില്ലാമിഷൻ ഇതിനായി ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും അപേക്ഷകരുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടതുമാണ്. ടി കമ്മിറ്റിയിൽ ഡി.എം.സി, എ.ഡി.എം.സി (എം.ഇ), നോർക്കയുടെ ജില്ലാ ഓഫീസ് പ്രതിനിധി, ഡി.പി.എം (എം.ഇ), എന്നിവർ അംഗമാകേണ്ടതാണ്. ടി കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനക്കു ശേഷം അംഗീകരിച്ച അപേക്ഷകൾ സി.ഡി.എസിനെ അറിയിക്കേണ്ടതാണ്.

6. അപേക്ഷ ലഭിച്ച 10 ദിവസത്തിനുള്ളിൽ സി.ഡി.എസ്സുകൾ ശുപാർശ ചെയ്തുകൊണ്ടുള്ള പ്രൊപ്പോസൽ ജില്ലാ മിഷനിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ മിഷനുകൾ 15 ദിവസ ത്തിനുള്ളിൽ ടി പ്രൊപ്പോസൽ ജില്ലാതല കമ്മിറ്റിയിൽ വെച്ച് അംഗീകാരം നേടേണ്ടതും സി.ഡി.എസ്സുകൾക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.സി.ഡി.എസുകൾ ഫണ്ട് ലഭിച്ചാൽ താമസംവിനാ ഗുണഭോക്താക്കൾക്ക് കൈ മാറേണ്ടതാണ്.

7. ഇതുപ്രകാരം സി.ഇ.എഫ് ലഭ്യമാക്കുന്ന മാതൃകയിൽ സി.ഡി.എസുകൾക്ക് പലിശരഹിത വായ്പ ഗുണഭോക്താക്കൾക്ക് നൽകാവുന്നതാണ്.

P.I Sreevidya IAS
എക്സിക്യൂട്ടീവ് ഡയറക്ടർ

The document is digitally approved. Hence signature is not needed.

# പ്രവാസി ഭദ്രത – PEARL

**(Pravasi Entrepreneurship Augmentation and Reformation of Livelihoods)**

**നോർക്ക പ്രവാസി പുനരധിവാസഏകോപന സംയോജന പദ്ധതി**

- അപേക്ഷകൻ കുറഞ്ഞത് 2 വർഷമെങ്കിലും പ്രവാസി ആയിരിക്കണം.
- സുക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി പരമാവധി 2 ലക്ഷംരൂപ വരെ പലിശരഹിതവായ്പകൾ
- അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ടാംഗത്വം നേടിയവ്യക്തിയോ,കുടുംബാംഗമോ കുടുംബശ്രീയുടെ യുവതികളുടെ ഗ്രൂപ്പിലെ അംഗമോ ആയിരിക്കണം
- കുടുംബശ്രീജില്ലാ മിഷൻ മുഖാന്തരം പദ്ധതി നടത്തിപ്പ്

**അപേക്ഷാ ഫോറം**

1. അപേക്ഷകന്റെ പേര്
2. മേൽവിലാസം
3. ജില്ല
4. കോർപറേഷൻ/മുനിസിപ്പാലിറ്റി /പഞ്ചായത്ത്
5. പഞ്ചായത്ത്
6. പാസ്പോർട്ട് നമ്പർ
7. മൊബൈൽ നമ്പർ
8. ആധാർകാർഡ് നമ്പർ
9. കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ/ഗ്രൂപ്പിന്റെ പേര്

10. വിദേശജോലി സംബന്ധിച്ച വിശദാംശങ്ങൾ

| |
|---|
| അവസാനം ജോലിചെയ്ത രാജ്യം: |
| തൊഴിൽ: |
| ജോലിയിൽ തുടരാതിരുന്നതിനുള്ള കാരണം: |

11. തിരിച്ചു വന്ന തീയതി

12. വിദേശത്ത് ജോലിചെയ്ത കാലയളവ്

13. തുടങ്ങുവാനുദ്ദേശിക്കുന്ന പദ്ധതി

14. പദ്ധതി ചെലവ്

15. ആവശ്യമായ ലോൺ തുക

16. കുടുംബശ്രീ മുഖേനെ പരിശീലനം ആവശ്യമുണ്ടോ ? ഉണ്ടെങ്കിൽ ഏതു മേഖല

സ്ഥലം

തീയതി                                                                 അപേക്ഷകന്റെ ഒപ്പ്

-----------------------------------------------------------------------------------

സമർപ്പിക്കേണ്ട രേഖകൾ

1. വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട്
2. അപേക്ഷകനും, കുടുംബശ്രീ അയൽക്കൂട്ട അംഗവും ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്
3. സംരംഭകരുടെയോ, കുടുംബാംഗങ്ങളുടെയോ അയൽക്കൂട്ടാംഗത്വം ഉറപ്പാക്കുന്ന അനിവാര്യരേഖകളുടെ പകർപ്പ്/ സി ഡി എസ് സർട്ടിഫിക്കറ്റ്
4. ആധാർകാർഡിന്റെ പകർപ്പ്
5. അപേക്ഷകൻ/അപേക്ഷക 2 വർഷം പ്രവാസിയായിരുന്നു എന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയതാണെന്നും നോർക്ക റൂട്ട്സ് സാക്ഷ്യപെടുത്തിയത്.
6. പാസ്പോർട്ടിന്റെ ആദ്യ പേജ്/അഡ്രസ്സ് പേജുകളുടെ പകർപ്പ്
7. വിസാ പേജിന്റെ പകർപ്പ്